# പതിമൂന്നാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1770 17/06/13-ൽ മറുപടിക്ക്

## മത്സ്യവിത്ത് നിയമം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ ;<br>,, പി.ബി. അബ്ദുൾ റസാക് :<br>,, അബ്ദുറഹിമാൻ രണ്ടത്താണി:<br>,, എൻ.എ. നെല്ലിക്കുന്ന്: | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യവിത്ത് നിയമം കൊണ്ടു വരാൻ ആലോചിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) മത്സ്യവിത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുകയും മത്സ്യഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നതുമാണ് മത്സ്യവിത്തുനിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യം. മത്സ്യവിത്തുല്പാദനവും വിപണനവും ഗുണമേന്മയും സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുക,മത്സ്യവിത്ത് ഫാമിനും ഹാച്ചറികൾക്കും രജിസ്ട്രേഷൻ നൽകുക, സീഡ് സർട്ടിഫിക്കേഷൻ നൽകുക,ബന്ധപ്പെട്ട മറ്റുകാര്യങ്ങൾ ചെയ്യുക തുടങ്ങിയവയ്ക്കായി സംസ്ഥാന തലത്തിൽ ഒരു മത്സ്യവിത്ത് സെന്റർ കൊണ്ടുവരുന്നതിന് പ്രസ്തുത ബിൽ പ്രകാരം ഉദ്ദേശിക്കുന്നു. സംസ്ഥാന തല സെന്ററിനുപുറമെ എല്ലാ ജില്ലകളും ഉൾപ്പെട്ട് വരത്തക്കവിധത്തിൽ മൂന്നു റീജിയണൽ ഫിഷ് സീഡ് സെന്ററുകൾ കൂടി രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുഴകളിലെ സ്വാഭാവിക മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. പരിഹാരനടപടിയായി,പുഴകളിലെ അശാസ്ത്രീയ മത്സ്യബന്ധനത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും സ്വാഭാവിക പ്രജനനം ഉറപ്പാക്കുന്നതിനുമായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി ഫിർമ മുഖേന നടപ്പിലാക്കുന്നുണ്ട്. നദികളിലും പുഴകളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന സാമൂഹ്യ മത്സ്യകൃഷി പദ്ധതി എല്ലാ ജില്ലകളിലും മത്സ്യകർഷക വികസന ഏജൻസി മുഖാന്തിരം നടപ്പാക്കിവരുന്നു. |
| (ഡി) | സംസ്ഥാനത്ത് ലഭ്യമായ ജലസംഭരണികളെല്ലാം മത്സ്യം വളർത്തുന്നതിന് ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നടപടി സ്വീകരിച്ചുവരുന്നു. ദേശീയ മത്സ്യവികസന ബോർഡിന്റെ (National Fisheries Development Board) ധനസഹായത്തോടെ കേരളത്തിലെ 19 ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ